# *മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി*

## *സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്*




**എറണാകുളം**

**കൂവപ്പടി ബ്ലോക്ക്**
**രായമംഗലം പഞ്ചായത്ത്**

**വാർഡ്-18**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :1/10/2018 to 31/3/2019**

റിപ്പോർട്ട് തയ്യാറാക്കിയത് :
വി .ആർ. പി. അനുഷ ഷാജി
വി. ആർ. പി. അഖിൽ വി ജെ
വി. ആർ. പി. അനിത ഗോപി
വി ആർ പി ഗ്രീഷ്മ സി കെ
വി ആർ പി ബിനി ബേബി

സോഷ്യൽ ഓഡിറ്റ് യൂണിറ്റ്
തിരുവനന്തപുരം

# ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

## അവകാശധിഷ്ഠിത നിരീക്ഷണങ്ങൾ

- തൊഴിൽ കാർഡിന് വേണ്ടിയുള്ള ഫോട്ടോകൾ തൊഴിലാളികൾ സ്വന്തം ചിലവിലാണ് നൽകുന്നത് എന്ന് അഭിപ്രായപ്പെട്ടു.
- ഫയൽ വെരിഫിക്കേഷനിൽ എന്നാണ് ഡിമാൻഡ് നൽകിയത്, എന്ന് മുതൽ എന്ന് വരെ വേണം എന്നുള്ള വിവരങ്ങൾ ഫോമിൽ എഴുതാത്തതിനാൽ ഡിമാൻഡ് നൽകി 15 ദിവസതിനകം ആണോ പ്രവർത്തിനൽകിയത് എന്ന കാര്യത്തിൽ വ്യക്തതയില്ല.
- ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.
- തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5km ചുറ്റളവിനുള്ളിലാണ് തൊഴിൽ ചെയ്യുന്നത്.
- തൊഴിലിടങ്ങളിൽ പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം ,തണൽ സൗകര്യം എന്നിവയുണ്ട്
- ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.
- തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.
- തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും , തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.
- തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

## *<u>പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ</u>*

**1. രായമംഗലം പഞ്ചായത്തിലെ വാർഡ് 18 ലെ പെരുമ്പാവൂർ ബ്രാഞ്ച് കനാൽ പുനരുദ്ധാരണം 5250-5550m**

**വർക്ക് കോഡ് 1 6 0 8 0 0 4 0 0 5/IC/318495**

**2.രായമംഗലം പഞ്ചായത്തിലെ വാർഡ് 18 ലെ പെരുമ്പാവൂർ ബ്രാഞ്ച് കനാൽ പുനരുദ്ധാരണം 4950-5250m**

**വർക്ക് കോഡ് 1608004005/IC/318493**

**3. രായമംഗലം പഞ്ചായത്തിലെ വാർഡ്18 ലെ പെരുമ്പാവൂർ ബ്രാഞ്ച് കനാൽ പുനരുദ്ധാരണം 0-300m**

**വർക്ക് കോഡ് 1608004005/IC/317942**

**4. രായമംഗലം പഞ്ചായത്തിലെ വാർഡ് 18ലെ ഗോവിന്ദൻ കനാൽ പുനരുദ്ധാരണം**

**വർക്ക് കോഡ് 1608004005/IC/318502**

**5. രായമംഗലം പഞ്ചായത്തിലെ വാർഡ് 18 ലെ പീച്ചനാംമുഗൾ നീർത്തടത്തിൽ മണ്ണ് ജലസംരക്ഷണം. വർക്ക് കോഡ്: 1608004005/WC/326925**

**6.രായമംഗലം പഞ്ചായത്തിലെ വാർഡ് 18ലെ പീച്ചനാംമുകൾ നീർത്തടത്തിൽ മണ്ണ് ജല സംരക്ഷണം**

**വർക്ക് കോഡ് 1608004005/WC/334441**

**7. രായമംഗലം പഞ്ചായത്തിലെ വാർഡ് 18 ലെ പ്രളയക്കെടുതി നേരിട്ട്തോടുകളും കാന കളും പുനരുദ്ധാരണം. വർക്ക് കോഡ്1608004005/FP/307791**

**8.രായമംഗലം പഞ്ചായത്തിലെ വാർഡ് 18ലെ പീച്ചനാം മുഗൾ നീർത്തടത്തിൽ മണ്ണ് ജല സംരക്ഷണം. വർക്ക് കോഡ് 1608004005/WC/347507**

## ഫയൽ പരിശോധന

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യുന്ന ഓരോ വർക്കിനും പ്രത്യേകം ഫയലുകൾസൂക്ഷിക്കേണ്ടതാണ്. അതിൽ ഓരോ ഫയലിനും 22 ഡോകുമെന്റ്സ് ഉണ്ടായിരിക്കണം. ഈ 22 ഡോകുമെന്റ്സ് പരിശോധിച്ചതിൽ നിന്നുള്ള വിവരങ്ങൾ.

## കവർപേജ്:-

- പരിശോധിച്ച 8ഫയലുകളിലും എ എം സി പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നു.
- ജിയോ ടാഗിംഗ് ഓഫ് asset ഉണ്ട് എന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ ചില ഫയലിൽ അത് കാണാൻ സാധിച്ചില്ല.
- സീരിയൽ നമ്പർ ഓഫ് വർക്ക് അപ്പ്രൂവ്സ് കാണാൻ സാധിച്ചില്ല.
- സോഷ്യൽ ഓഡിറ്റ് നടത്തിയതായി രേഖപ്പെടുത്തിയിരുന്നില്ല.
- എല്ലാ ഫയലിലും ചെലവായ തുകയും ആകെ തുകയും രേഖപ്പെടുത്തിയിരുന്നു

## ചെക്ക് ലിസ്റ്റ്:-

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ടതുണ്ട്. അതിനുള്ള രേഖയാണ് ചെക്ക് ലിസ്റ്റ്.

- എന്നാലും പരിശോധിച്ച 8 ഫയലുകളിലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഉള്ള ചെക്ക് ലിസ്റ്റ് കാണുവാൻ സാധിച്ചു. എന്നാൽ പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും ഒരു ഫയൽ ഷെൽഫ് ഓഫ് വർക് ഇല നിന്നും ഉള്ളത് ആണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

## ആക്ഷൻപ്ലാൻ കോപ്പി:

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയിക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പി.ഗ്രാമസഭ നിർദ്ദേശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക്

മാറ്റുകയും അതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും . ഷെൽഫ് ഓഫ് പ്രോജക്ടിൽ ഉൾപ്പെട്ട പ്രവർത്തി തന്നെയാണോ നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പി ഉപകരിക്കുന്നു. ഈ സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാനിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുള്ളതാണ് എന്ന വിവരം ഫയലിൽ വരേണ്ടതാണ്.

- പരിശോധിച്ച 8ഫയലുകളിൽ ആക്ഷൻപ്ലാൻ കോപ്പി ഉണ്ടായിരുന്നില്ല.

**<u>തൊഴിൽ ആവശ്യപ്പെടുന്നതിനുള്ള അപേക്ഷ:-</u>**

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്നറിയാനുള്ള രേഖ കൂടിയാണിത്.

- പരിശോധിച് 8ഫയലിലും തൊഴിൽ ആവശ്യപ്പെടുന്നതിനുള്ള ഫോം ഉണ്ടായിരുന്നു. ഗ്രൂപ്പായിട്ടാണ് തൊഴിൽ അപേക്ഷിച്ചിരിക്കുന്നത്.
- പരിശോധിച്ച ഫയലുകളിൽ ഒന്നും വ്യക്തിഗത ഡിമാൻഡ് ഫോം കാണുവാൻ സാധിച്ചില്ല.
- പരിശോധിച്ച രണ്ടു ഫയലുകളിൽ ഒരാളുടെ അക്കൗണ്ട് നമ്പർ, സൈൻ ഉണ്ടായിരുന്നില്ല.
- ഡിമാന്റുകളിൽ അപേക്ഷ നൽകിയ തിയതി എന്ന് മുതൽ എന്ന് വരെ ഏത് പ്രവർത്തി എന്ന വിവരങ്ങൾ കൃത്യമായി രേഖപെടുത്താത്തതിനാൽ 15 ദിവസത്തിനകം തൊഴിൽ അനുവദിച്ചോ എന്ന് വ്യക്തമല്ല.

**<u>തൊഴിൽ അനുവദിച്ചു കൊണ്ടുള്ള അറിയിപ്പ്</u>**:-

പ്രവർത്തി തൊഴിലാളികൾക്ക് നൽകി എന്നതിന്റെ രേഖയാണ് പ്രവർത്തി/തൊഴിൽ അനുവദിച്ചു കൊണ്ടുള്ള ഫോം.

- പരിശോധിച്ച 8 ഫയലുകളിലും പ്രവർത്തി അനുവദിച്ചുകൊണ്ടുള്ള ഫോം ഉണ്ടായിരുന്നു.
- പ്രവർത്തി എന്ന് തുടങ്ങുമെന്നും അവസാനിക്കുമെന്നും കൃത്യമായ രേഖപ്പെടുത്തിയിരുന്നു.

- 2 ഫയലുകളിൽ തൊഴിൽ ആവശ്യപ്പെട്ട എല്ലാ തൊഴിലാളികൾക്കും തൊഴിൽ അനുവദിച്ചിട്ടുണ്ടായിരുന്നില്ല.

**എസ്റ്റിമേറ്റ്:-**

ഒരു പ്രവർത്തി എങ്ങനെ,എത്ര അളവിൽ ചെയ്യണം എന്ന് സങ്കേതികമായി പ്രതിപാദിക്കുന്ന രേഖയാണ് എസ്റ്റിമേറ്റ്. പരിശോധിച്ച് എല്ലാ ഫയലിലും എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.

- പരിശോധിച്ച 8 ഫയലുകളിൽ സെക്യൂറിൽ നിന്ന് എടുത്ത എസ്റ്റിമേറ്റ് കോപ്പി സൂക്ഷിച്ചിരുന്നു.
- എസ്റ്റിമേറ്റിൽ ഡിസ്പ്ലേ ബോർഡിന് ചിലവായ തുക കാണിച്ചിരുന്നു.
- 1 ഫയലിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ടെ സൈൻ,സീൽ ഉണ്ടായിരുന്നു.
- **MGNREGS A.E** യുടെ സൈൻ 2 ഫയലിൽ ഉണ്ടായിരുന്നു. ചില ഫയലുകളിൽ ഒപ്പും, സീലും, തീയതിയും കാണാൻ സാധിച്ചില്ല.
- നോക്കിയ ഫയലുകളിൽ ഒന്നും ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് കാണുവാൻ സാധിച്ചില്ല.
- ഫയലുകളിൽ വർക്കിനെ കുറിച്ചുള്ള ഡീറ്റെയിൽസ് ഉൾപ്പെടുത്തിയിരുന്നു.

**ഭരണാനുമതി:-**

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതി.

- പരിശോധിച്ച 8ഫയലുകളിൽ ഭരണാനുമതി ഉണ്ടായിരുന്നു.
- ഭരണാനുമതി സെക്യൂർ കോപ്പി ആയിരുന്നതിനാൽ പഞ്ചായത്ത് സെക്രട്ടറിയുടെ സീൽ, ഒപ്പ് ഇവ രേഖപ്പെടുത്തിയിരുന്നു.
- എസ്റ്റിമേറ്റ് തുക രേഖപ്പെടുത്തിയിരുന്നു.
- ഭരണാനുമതി നമ്പറും ഭരണാനുമതി ലഭിച്ച തീയതിയും രേഖപ്പെടുത്തിയിരുന്നു.
- പരിശോധിച്ച ഫയലുകളിൽ ഗ്രാമസഭയുടെ തീരുമാനം രേഖപ്പെടുത്തിയിരുന്നില്ല.

**<u>സാങ്കേതിക അനുമതി:-</u>**

ഒരു പ്രവർത്തിക്ക് സാങ്കേതിക ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ചു എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി.

- പരിശോധിച്ച 8ഫയലുകളിൽ സാങ്കേതികാനുമതി ഉണ്ടായിരുന്നു.
- സെക്യറിൽ നിന്നെടുത്ത കോപ്പി ആയിരുന്നു. പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ്, സീൽ ഇവ രേഖപ്പെടുത്തിയിരന്നില്ല.
- എസ്റ്റിമേറ്റ് തുക കാണിച്ചിരുന്നു.

**<u>മെഷർമെന്റ് ബുക്ക്:-</u>**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മെഷർമെന്റ് ബുക്ക്. പരിശോധിച്ച എല്ലാഫയലുകളിൽ മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു.

- പരിശോധിച്ച എല്ലാ ഫയലുകളിൽ എം ബുക്ക് ഉണ്ടായിരുന്നു.
- എം ബുക്കിൽ എസ്റ്റിമേറ്റ് തുകയും ചെലവായ തുകയും കണിച്ചിരുന്നു.
- പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുട സൈൻ, സീൽ ചില ഫയലുകളിൽ ഉണ്ടായിരുന്നു. ഓവർസിയർ വേരിഫൈ ചെയ്തിരുന്നു.അസിസ്റ്റന്റ് എൻജിനീയറുടെ ഒപ്പും ചില ഫയലുകളിൽ ഉണ്ടായിരുന്നു.

**<u>മസ്റ്റർ റോൾ:-</u>**

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മസ്റ്റർ റോൾ.

- പരിശോധിച്ച 8 ഫയലുകളിലും മസ്റ്റർ റോൾ സൂക്ഷിച്ചിരുന്നു.
- മസ്റ്റർ റോളിൽ മേറ്റിന്റെ പേര് തീയതിയോടു കൂടി രേഖപ്പെടുത്തിയിരുന്നു. അസിസ്റ്റന്റ് സെക്രട്ടറി യുടെ ഒപ്പ്, സീൽ ബിപിഒ യുടെ സീല്, ഒപ്പ് ഉണ്ടായിരുന്നു.
- വേതനം , ഷാർപ്പനിങ് ചാർജ്, ഹാജർ എന്നിവ രേഖപ്പെടുത്തിയിരുന്നു.
- മസ്റ്റർ റോളിൽ എം ബുക്ക് നമ്പർ, മസ്റ്റർ റോൾ നമ്പർ, വർക് നമ്പർ എന്നിവ രേഖപ്പെടുത്തിയിരുന്നു.

- തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു, വെട്ടി തിരുത്തൽ ഇല്ലായിരുന്നു.

**<u>സൈറ്റ് ഡയറി:-</u>**

പ്രവർത്തി സ്ഥലത്തെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നതിനുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി.

- 8 ഫയലുകളിലും സൈറ്റ് ഡയറി സൂക്ഷിച്ചിരുന്നു.
- സൈറ്റ് ഡയറിയുടെ ഫ്രണ്ട് പേജിലെ വിവരങ്ങൾ പൂർണമായിരുന്നു, ചിലതിൽ പൂർണമായിരുന്നില്ല.
- പ്രൊജക്റ്റ് മീറ്റിംഗ് ഡീറ്റെയിൽസ് ഉണ്ടായിരുന്നു അതിൽ വാർഡ് മെമ്പർ, മേറ്റ് എന്നിവർ സൈൻ ചെയ്തിട്ടുണ്ടായിരുന്നു. മീറ്റിങ്ങിൽ പങ്കെടുത്ത തൊഴിലാളികളുടെ പേര്, തൊഴിൽ കാർഡ് നമ്പർ, ഒപ്പ് ഉണ്ടായിരുന്നു.
- 8 ഫയലിലും ചെക്ക് ലിസ്റ്റ് പൂർണമായും പൂരിപ്പിച്ചിരുന്നു.
- പ്രൊജക്റ്റ് മീറ്റിംഗ് മിനിറ്റ്സ് സൂക്ഷിച്ചിരുന്നു മേറ്റ് സൈൻ ചെയ്തിരുന്നില്ല. ചില ഫയലുകളിൽ കാണാൻ സാധിച്ചില്ല.
- പ്രവർത്തി സ്ഥലത്ത് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള ഫസ്റ്റ് എയ്ഡ് ബോക്സ്, ടാർപോളിൻ വിവരങ്ങൾപരിശോധിച്ച 5ഫയലിലും രേഖപ്പെടുത്തിയിരുന്നില്ല.
- ചികിത്സാ ചെലവ് സംബന്ധിച്ച് വിവരം സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തിയിരുന്നില്ല.
- ഫയലുകളിൽ തൊഴിൽ ഉപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിരുന്നു.
- അഞ്ച് ഫയലുകളിലും തൊഴിലാളികളുടെ സാക്ഷ്യപത്രം ഉണ്ടായിരുന്നു.
- പദ്ധതി ചിലവ് കാണിച്ചിരുന്നു, ചിലതിൽ കാണാൻ സാധിച്ചില്ല.
- അഞ്ച് ഫയലിലും വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, സന്ദർശക കുറിപ്പ് എന്നിവ ഉണ്ടായിരുന്നു.

**<u>മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്:-</u>**

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും , മസ്റ്റർറോൾ അനുവദിച്ചത് മുതൽ വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിലാണ് നടന്നത് എന്ന് മനസിലാക്കാനുള്ള രേഖയാണ് മസ്റ്റർ റോൾ മൂവ്മെന്റ്സ്ലിപ്.

- പരിശോധിച്ച് 8ഫയലുകളിലും മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് കാണുവാൻ സാധിച്ചു .

**റോയൽറ്റി:-**

- പരിശോധിച്ച ഫയലുകളിൽ മൂന്നു എണ്ണത്തിൽ ഭൂവുടമകളുടെ കരം തീർത്ത രസീത് കോപ്പി, റേഷൻ കാർഡ് കോപ്പി, സമ്മതപത്രം എന്നിവ സൂക്ഷിച്ചിരുന്നു.
- ബാക്കി ഫയൽ കനാൽ വർക്ക് ആയതിനാൽ റോയൽറ്റി ബാധകമല്ലായിരുന്നു.

**വേജ് ലിസ്റ്റ്, എഫ് ടി ഒ :-**

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട വേതനം, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ച കൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്. വേജ് ലിസ്റ്റ് പ്രകാരം തൊഴിലാളികൾക്ക് വേതനം നൽകിയതിനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ.പ്രവർത്തിയിൽ ചിലവായ മുഴുവൻ തുകയും ആർക്ക്, എപ്പോൾ നൽകി എന്നുള്ളതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡർ എല്ലാ ഫയലിലും നിർബന്ധമായും കാണേണ്ടതാണ് .

- പരിശോധിച്ച ഫയലുകളിൽ 8 ഫയലുകളിലും വേജ്ലിസ്റ്റ് ഉണ്ടായിരുന്നു.
- വേജ്ലിസ്റ്റുകൾ മസ്റ്റർ റോളിന് അനുപാതികമായിരുന്നു.
- പരിശോധിച്ചതിൽ ചില ഫയലുകളിൽ FTO ഉണ്ടായിരുന്നില്ല. അതുകൊണ്ട് കൃത്യസമയത്ത് വേതനം ലഭിച്ചിട്ടുണ്ടോ എന്നതിന് തെളിവില്ല. വേജ് ലിസ്റ്റ് എല്ലാ ഫയലിലും ലഭ്യമായിരുന്നു.

**വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്:-**

പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖയാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് അഥവാ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം.

- പരിശോധിച്ച 8ഫയലുകളിൽ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.
- വർക്ക് തുടങ്ങിയ തീയതിയും അവസാനിച്ച തീയതിയും ചെലവായ തുകയും രേഖപ്പെടുത്തിയിരുന്നു.
- MGNRE AE യുടെ ഒപ്പ് ഉണ്ടായിരുന്നു എന്നാൽ തീയതിയും സീലും ഉണ്ടായിരുന്നില്ല.
- സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും ലഭ്യമല്ല.

**<u>ഫോട്ടോഗ്രാഫ്സ് :-</u>**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പ് പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ,പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

- പരിശോധിച്ച ഫയലുകളിൽ 5 എണ്ണത്തിൽ ഓരോ ഘട്ടത്തിലെയും ഫോട്ടോഗ്രാഫ് കാണാൻ സാധിച്ചു. എന്നിരുന്നാലും ചില ചിത്രങ്ങൾ വേറെ വേറെ സ്ഥലങ്ങളിലെ ആയിരുന്നതിനാൽ വ്യക്തത വരുത്താൻ കഴിഞ്ഞില്ല.

**<u>സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്:-</u>**

- പരിശോധിച്ച ഫയലുകളിൽ വാർഡ് തല സോഷ്യൽ ഓഡിറ്റ് ടീം നടത്തിയ ഓഡിറ്റ് റിപ്പോർട്ട് കാണാൻ സാധിച്ചില്ല.

**<u>ജിയോ ടാഗ്ഗ് ഫോട്ടോസ്</u>**

- പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ്ഗ് ഫോട്ടോസ്. എന്നാൽ ഇവ ഈ ഫയലിൽ കണ്ടെത്തിയില്ല.

**<u>രജിസ്റ്റർ</u>**

**<u>തൊഴിൽ കാർഡ് രജിസ്റ്റർ</u>**

- തൊഴിൽ കാർഡ് രജിസ്റ്റർ പാർട്ട് A, B, C, D എന്നിങ്ങനെയാണ് സൂക്ഷിച്ചിരിക്കുന്നത്. തൊഴിൽ കാർഡ് രജിസ്റ്ററിൽ പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ ഒപ്പ്, മുദ്ര എന്നിവ കാണാൻ സാധിച്ചു.
- പാർട്ട് A യിൽ ഒന്നുമുതൽ ഇരുപത് വരെയുള്ള വാർഡിലെ തൊഴിലുറപ്പ് അംഗങ്ങളുടെ വിവരങ്ങളാണ് ആണ് രജിസ്റ്ററിൽ രേഖപെടുത്തിയിരുന്നത്.ആകെ5872അംഗങ്ങളുടെ പേര് വിവരങ്ങൾ

ഉണ്ടായിരുന്നു. 2018 മാർച്ച് വരെയുള്ള വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. പാർട്ട് എ യിലെ കോളം 10, 11(ബാങ്ക് അക്കൗണ്ട് ഡീറ്റെയിൽസ് ) അപൂർണ്ണമായിരുന്നു.

- പാർട്ട് B യിൽ വർക്ക്സൈറ്റ് ന്റെ പേര്, വിലാസം, തൊഴിൽ കാർഡ് നമ്പർ, ഫോട്ടോ, രജിസ്റ്റർ ചെയ്ത ഡേറ്റ്, അക്കൗണ്ട് നമ്പർ ഡീറ്റെയിൽസ് രേഖപ്പെടുത്തിയിരുന്നു
- 200 പേരുടെ ഡീറ്റെയിൽസ് ഉണ്ടായിരുന്നു.
- പാർട്ട് സി യിൽ തൊഴിലാളി വിവരങ്ങൾ, തൊഴിൽ കാർഡ് നമ്പർ, തൊഴിൽ കാർഡ് ഇഷ്യൂ ഡേറ്റ് ഉണ്ടായിരുന്നു.ആകെ 186 അംഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് ഡീറ്റെയിൽസ് പൂർണമല്ല.
- പഞ്ചായത്ത് സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നു.
- പാർട്ട്ഡിയിൽ ആകെ 14149 പേരുടെ വിവരങ്ങൾ ഉണ്ടായിരുന്നു. എല്ലാ കോളങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്, കൂടാതെ എല്ലാ വാർഡുകളിലെയും വിവരങ്ങൾ സൂക്ഷിച്ചിട്ടുണ്ട്.
- അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവരുടെ സീലും സൈനും ഉണ്ടായിരുന്നു
- 2019 -20 ഈ വർഷത്തെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്

## തൊഴിൽ ആവശ്യപ്പെടുന്നതും അനുവദിക്കുന്നത് സംബന്ധിച്ച രജിസ്റ്റർ

- 2019-20വരെയുള്ള തൊഴിൽ ആവശ്യപ്പെട്ടതും അനുവദിച്ചിരിക്കുന്നതുമായ ഡീറ്റെയിൽസ് ആണ് കാണാൻ കഴിഞ്ഞത്.
- ഡിമാൻഡ് ചെയ്ത തിയതിയും വർക്ക് അനുവദിച്ച തിയതിയും ഓരോ തൊഴിലാളിയുടെയും പേരിനു നേരെ രേഖപ്പെടുത്തിയിരുന്നു.
- തൊഴിലാളികൾ എത്ര ദിവസം മുതൽ എത്ര ദിവസം വരെ തൊഴിൽ ചെയ്തു എന്ന ഡീറ്റെയിൽസ്, വേതനം കൊടുത്ത ഡേറ്റ്, തുക രേഖപ്പെടുത്തിയിരുന്നു.
- എന്നാൽ 2017 2018 കാലയളവിൽ ആർക്കുംതന്നെ തൊഴിലില്ലായ്മ വേതനം കൊടുത്തതിന്റേയോ വേതനം വൈകിയതിന് നഷ്ടപരിഹാരം കൊടുത്തതിന്റെയോ കണക്കു വിവരങ്ങൾ എഴുതിയിരുന്നില്ല.
- ഡിമാൻഡ് അലോക്കേഷൻ രജിസ്റ്റർ 2 എണ്ണമുണ്ടായിരുന്നു.രണ്ട് രജിസ്റ്ററും പഞ്ചായത്ത് സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നു..

## ഗ്രാമസഭാ രജിസ്റ്റർ

- ഗ്രാമസഭ രജിസ്റ്ററിൽ എല്ലാ വാർഡിന്റെയും ഒരുമിച്ചാണ് സൂക്ഷിച്ചിരിക്കുന്നത്.

- ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള തൊഴിലാളി ഗ്രാമസഭ 24/10/2016 ൽ കൂടിയിട്ടുണ്ട്.376 പേർ പങ്കെടുത്തു. അന്ന് തന്നെ JBDO യുടെ ക്ലാസ്സ് ഉണ്ടായിരുന്നു.
- 12/12/17 ൽ 522 പേർ പങ്കെടുത്ത മീറ്റിംഗിന്റെ ഡീറ്റെയിൽസ് ഉണ്ടായിരുന്നു.അതിനു ശേഷം 30/11/2018 ൽ ഗ്രാമസഭ കൂടിയതിൽ 721 പേർ പങ്കെടുത്തു.
- എല്ലാ ഗ്രാമ സഭ യോഗത്തിന്റെയും മിനുട്ട്സ് കാണുവാൻ സാധിച്ചു.
- 2019-20ലെ ഷെൽഫ് ഓഫ് വർക്കിലേക്കു 767 വർക്ക് നീക്കിവെച്ചിരിക്കുന്നതിൽ 488 വർക്ക് അംഗീകരിച്ചിട്ടുണ്ട്.
- 2019-20 സാമ്പത്തിക വർഷത്തിലെ 115980 മാൻ ഡേയ്സ്, 52384300 രൂപയുടെ ലേബർ ബഡ്ജറ്റ് ഗ്രാമ സഭ പാസ്സാക്കിയിട്ടുണ്ട്.

## വർക്ക് രജിസ്റ്റർ

- IF/236098- കയ്യാല നിർമാണം, 1608004005/IF/326293-വാർഡ് 8 മരോട്ടിക്കടവ് നീർത്തടത്തിൽ ഉൾപ്പെടുന്ന തരിശുഭൂമി കൃഷിക്കനുയോജ്യമാക്കൽറീച് 2, 1608004005/IF/326221 തല പുഞ്ച നീർത്തടത്തിൽ ഉള്ള തരിശുഭൂമി കൃഷിക്കനുയോജ്യം ആക്കൽ റീച്ച് 1, 1608004014/IF/326328 വളയൻചിറങ്ങര നീർത്തടത്തിൽ ഉൾപ്പെടുന്ന തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ, വാർഡ് 7 കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവൃത്തികൾ റീച് 1 എന്നീ പ്രവൃത്തികളുടെ ഡീറ്റെയിൽസ് കാണാൻ സാധിച്ചു.
- 2019-20 വർഷത്തെ മസ്റ്റർ റോൾ നമ്പർ, വേജ് ലിസ്റ്റ് നമ്പർ, എമൗണ്ട് തുടങ്ങി എല്ലാ വിവരങ്ങളും നല്ലരീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്
- വേജ് ലിസ്റ്റ് നമ്പർ, മസ്റ്റർ റോൾ നമ്പർ, പേഴ്സൺ ഡേയ്സ്, വേതനം കൊടുത്ത ഡീറ്റെയിൽസ് രേഖപ്പെടുത്തിയിരുന്നു
- സെമി സ്കിൽഡ് തൊഴിലാളികൾ ചെയ്ത ചില പ്രവൃത്തിയിൽ ഡ്യൂ amt കാണിച്ചിരുന്നു
- പഞ്ചായത്ത് സെക്രട്ടറി സൈൻ, സീൽ വെച്ച് സർട്ടിഫൈ ചെയ്തിരുന്നു..

## ഫിക്സഡ് അസറ്റ് രജിസ്റ്റർ

- 2019-20 കാലയളവിലെ 3 രജിസ്റ്ററുകൾ കാണാൻ സാധിച്ചു.
- 2019-20 ലെ വർക്കുകളുടെ വിവരങ്ങൾ കാണാൻ സാധിച്ചു.

- ഫിക്സഡ് അസറ്റ് രജിസ്റ്റർ പാർട്ട് എ, പാർട്ട് ബി ആയി തിരിച്ചിരുന്നു. പാർട്ട് എ യിൽ അസറ്റ് ഡീറ്റെയിൽസ് ഉം പാർട്ട് ബി യിൽ വർക്ക് ഡീറ്റെയിൽസ് ഉം രേഖപ്പെടുത്തിയിരുന്നു.
- ഓരോ വർക്കും MGNREGS A.E ധന്യ സൈൻ ചെയ്തിരുന്നു.
- ഒരു വർക്കിനും അസറ്റ് ഐഡി രേഖപ്പെടുത്തിയിരുന്നില്ല.
- WC, LD, RS, FR, IC, IF, DW എന്നീ ക്ലാസ് ഓഫ് അസറ്റ് ലുള്ള പ്രവർത്തികൾ ആണ് ചെയ്തിരുന്നത്.
- ഞ്ചായത്ത് സെക്രട്ടറി വെരിഫൈ ചെയ്തിരുന്നില്ല

**<u>പരാതി രജിസ്റ്റർ</u>**

- പരാതി രജിസ്റ്റർ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായിരുന്നു.
- കൂവപ്പടി ജോയിന്റ് ബി.ഡി.ഒ വെരിഫൈ ചെയ്തിരുന്നു.
- പരാതി രജിസ്റ്ററിൽ പരാതികളൊന്നും കാണാൻ കഴിഞ്ഞില്ല.

**<u>മെറ്റീരിയൽ രജിസ്റ്റർ</u>**

- 2019-20 കാലയളവിലെ മെറ്റീരിയൽ രജിസ്റ്റർ ആണ് പരിശോദിച്ചത്.
- വാർഡ് 5 ൽ നടന്ന 10 മെറ്റീരിയൽ വർക്കിന്റെ പ്രവർത്തികളു
- ടെ മെറ്റീരിയൽ ഡീറ്റെയിൽസ് രജിസ്റ്ററിൽ കാണാൻ കഴിഞ്ഞു .
- വൗച്ചർ ബിൽ no., ബിൽ ഡേറ്റ്, മെറ്റീരിയൽ ക്വാണ്ടിറ്റി ഡീറ്റെയിൽസ് രേഖപ്പെടുത്തിയിരുന്നു.
- ടെക്നിക്കൽ അസിസ്റ്റന്റ് സിഗ്നേച്ചർ രേഖപ്പെടുത്തിയിരുന്നില്ല.
- ജോയിന്റ് ബി.ഡി.ഒ വെരിഫൈ ചെയ്തിരുന്നു.
- പഞ്ചായത്ത് സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നു.

## 1) പെരുമ്പാവൂർ ബ്രാഞ്ച് കനാൽ പുനരുദ്ധാരണം

| നമ്പർ | വർക്ക് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | **വാർഡ് 18 ലെ പെരുമ്പാവൂർ ബ്രാഞ്ച് കനാൽ പുനരുദ്ധാരണം 5250-5550m** | **1608004005/IC/318495** | 17/10/18 | 26/10/18 | 56500 | 44000 |

| | | | | | | |
|---|---|---|---|---|---|---|
| 2 | പെരുമ്പാവൂർ ബ്രാഞ്ച് കനാൽ പുനരുദ്ധാരണം 4950m - 5250m | 1608004005/IC/318493 | 17/10/2018 | 25/10/2018 | 43000 | 38509 |
| 3 | പെരുമ്പാവൂർ ബ്രാഞ്ച് കനാൽ പുനരുദ്ധാരണം 0-300m | 1608004005/IC/317942 | 17/10/18 | 30/10/18 | 72500 | 60788 |

- കനാൽ പലയിടത്തും വൃത്തിഹീനമായി കാണപ്പെട്ടു.വീണ്ടും ശുചിയാക്കേണ്ട അവസ്ഥയിൽ ആയിരുന്നു.
- തൊഴിലാളികൾക്കു പ്രവർത്തി സമയത്ത് കയ്യുറ,കാലുറ എന്നിവ നൽകിയിരുന്നു. പ്രതിരോധ ഗുളികകൾ ലഭ്യമായിരുന്നു.
- ബ്രാഞ്ച് കനാലിലെ മെഷർമെന്റ് ഇൽ 3 ഭാഗമായി ആണ് വർക്ക് നടന്നിരുന്നത്. ഇതിന്റെ മൊത്തം നീളം900 മീറ്റർ ആയിരുന്നു അതിൽ918 മീറ്റർ പരിശോധനയിൽ ലഭിച്ചത്. എന്നാൽ വീതി പലയിടങ്ങളിലും വ്യത്യസ്തം ആയി കണ്ടു.
- കനാലിന്റെ പ്രവർത്തികൾ സിഐ ബി ബോർഡ് വച്ചിരുന്നില്ല.

| നമ്പർ | വർക്ക് നെയിം | പ്രവൃത്തി | എസ്റ്റിമേറ്റ് ബുക്കിൽ രേഖപ്പെടുത്തി അളവ് | എം ബുക്കിൽ രേഖപ്പെടുത്തി അളവ് | പരിശോധനയിൽ ലഭിച്ച അളവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | പെരുമ്പാവൂർബ്രാഞ്ച്കനാൽ | പുനരുദ്ധാരണം | L-300m<br>B-3.60m | L-300m<br>B-3.60m | L-305m<br>B-2.40m | കാടുകയറിയുംചെടിനിറഞ്ഞതുംവൃത്തിഹീനമായരീതിയിലുമാണ്കനാൽ കാണപ്പെട്ടത് |
| 2 | പെരുമ്പാവൂർബ്രാഞ്ച്കനാൽ | പുനരുദ്ധാരണം | L-300m<br>B-2.8m | L-300m<br>B-2.8m | L-304m<br>B-3.00m | കാടുകയറിയുംചെളിനിറഞ്ഞതും വൃത്തിഹീനമായരീതിയിലുമാണ്കനാൽകാണപ്പെട്ടത്ചില ഇടങ്ങളിൽ വീതി വ്യത്യാസം ഉണ്ടായിരുന്നു. |
| 3 | പെരുമ്പാവൂർബ്രാഞ്ച്കനാൽ | പുനരുദ്ധാരണം | L-300m<br>B-4.40m | L-300m<br>B-4.40m | L-309m<br>B-4.40m | കാടുകയറിയുംചെളിനിറഞ്ഞതും വൃത്തിഹീനമായരീതിയിലുമാണ്കനാൽകാണപ്പെട്ടത്.വീതി പലയിടത്തും വ്യത്യാസം ഉണ്ടായിരുന്നു |

1) **വാർഡ് 18 ലെ പെരുമ്പാവൂർ ബ്രാഞ്ച് കനാൽ പുനരുദ്ധാരണം 5250-5550m വർക് കോഡ്:1608004005/IC/318495**

- *പരിശോധിച്ച് സമയത്ത് കനാലിന് ഇരുവശങ്ങളും കാടുപിടിച്ച് കിടക്കുകയായിരുന്നു.
- *പ്രവർത്തി സമയത്ത് തൊഴിലാളികൾക്ക് കൈയുറകളും കാൽ ഉറകളും ലഭിച്ചിരുന്നില്ല.
- *വൃത്തിഹീനമായി കാണപ്പെട്ട നിലയിലായിരുന്നു കനാൽ.
- *എസ്റ്റിമേറ്റിൽ കാണിച്ചിരുന്ന നീളവും വീതിയും, ഫീൽഡ് പരിശോധനയ്ക്കു പോയപ്പോൾ വ്യത്യസ്തമായി കിട്ടിയിരുന്നു.

2) **വാർഡ് 18 ലെ പെരുമ്പാവൂർ ബ്രാഞ്ച് കനാൽ പുനരുദ്ധാരണം 4950-5250m**
**വർക് കോഡ്:1608004005/IC/318493**

- പരിശോധിച്ച് സമയത്ത് കനാലിന് ഇരുവശങ്ങളും കാടുപിടിച്ച് കിടക്കുകയായിരുന്നു.
- പ്രവർത്തി സമയത്ത് തൊഴിലാളികൾക്ക് കൈയുറകളും കാൽ ഉറകളും ലഭിച്ചിരുന്നില്ല.
- വൃത്തിഹീനമായി കാണപ്പെട്ട നിലയിലായിരുന്നു കനാൽ.
- എസ്റ്റിമേറ്റിൽ കാണിച്ചിരുന്ന നീളവും വീതിയും, ഫീൽഡ് പരിശോധനയ്ക്കു പോയപ്പോൾ വ്യത്യസ്തമായി കിട്ടിയിരുന്നു.

3) **വാർഡ് 18 ലെ പെരുമ്പാവൂർ ബ്രാഞ്ച് കനാൽ പുനരുദ്ധാരണം 0-300m**
**വർക് കോഡ്:1608004005/IC/317942**

- പരിശോധിച്ച് സമയത്ത് കനാലിന് ഇരുവശങ്ങളും കാടുപിടിച്ച് കിടക്കുകയായിരുന്നു.
- പ്രവർത്തി സമയത്ത് തൊഴിലാളികൾക്ക് കൈയുറകളും കാൽ ഉറകളും ലഭിച്ചിരുന്നില്ല.
- വൃത്തിഹീനമായി കാണപ്പെട്ട നിലയിലായിരുന്നു കനാൽ.
- എസ്റ്റിമേറ്റിൽ കാണിച്ചിരുന്ന നീളവും വീതിയും, ഫീൽഡ് പരിശോധനയ്ക്കു പോയപ്പോൾ വ്യത്യസ്തമായി കിട്ടിയിരുന്നു.

## 2) വാർഡ് 18ലെ ഗോവിന്ദൻ കനാൽ പുനരുദ്ധാരണം 500m

| നമ്പർ | വർക്ക് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | **വാർഡ് 18ലെ ഗോവിന്ദൻ കനാൽ പുനരുദ്ധാരണം 500m** | **1608004005/IC/318502** | 19/11/18 | 27/11/18 | 39500 | 34933 |

- തൊഴിലാളികൾക്കു പ്രവർത്തിസമയത്ത് കയ്യുറ,കാലുറ എന്നിവ നൽകിയിരുന്നു. പ്രതിരോധ ഗുളികകൾ ലഭ്യമായിരുന്നു.
- ഗോവിന്ദൻ കനാലിന്റെ പ്രവർത്തികൾക്ക് അനുവദിച്ച സിഐ ബി ബോർഡ് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല.
- ഒട്ടു മിക്ക ഭാഗങ്ങളും ഇടിഞ്ഞ് കിടക്കുക ആയിരുന്നു.
- തൊഴിൽ നന്നായി നടന്നു എന്ന് പരിസരവാസികൾ സാക്ഷ്യപ്പെടുത്തി.
- ഓഡിറ്റ് സമയത്ത് അളവ് എടുക്കുമ്പോൾ വീതി ചില ഇടങ്ങളിൽ കൂടുതൽ ആയി അനുഭവപ്പെട്ടു.

| നമ്പർ | വർക്ക് നെയിം | പ്രവൃത്തി | എസ്റ്റിമേറ്റ് ബുക്കിൽ രേഖപ്പെടുത്തി അളവ് | എം ബുക്കിൽ രേഖപ്പെടുത്തി അളവ് | പരിശോധനയിൽ ലഭിച്ച അളവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | ഗോവിന്ദൻ കനാൽ | പുനരുദ്ധാരണം | L-500m<br>B-0.60m | L-500m<br>B-0.60m | L-545m<br>B-0.60m - 1m | വർക് നടന്നതായി കാണാൻ സാധിച്ചു, ഇരു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വശങ്ങളും ഇടിഞ്ഞു നിൽക്കുന്നതിനാൽ വീതി കൂടുതൽ ആയി അനുഭവപ്പെട്ടു. |

## <u>3) വാർഡ് 18 ലെ പീച്ചിനമുകൾ നീർത്തടത്തിൽ മണ്ണു ജല സംരക്ഷണം</u>

| നമ്പർ | വർക്ക് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | **പീച്ചനാംമുഗൾ നീർത്തടത്തിൽ മണ്ണ് ജലസംരക്ഷണം**. 1608004005/WC/326925 | 1608004005/ WC/326925 | 1/11/18 | 8/11/18 | 71500 | 67375 |

- വേസ്റ്റ് കുഴിയും ബണ്ടുകളും  മഴ പെയ്തു നികന്ന നിലയിലായിരുന്നു
- ചില വേസ്റ്റ് കുഴികൾ കോൺക്രീറ്റ് ചെയ്തതായി കാണാൻ സാധിച്ചു
- പ്രവർത്തികൾക്ക് അനുവദിച്ച സിഐ ബി ബോർഡ് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല
- ബണ്ടുകൾ കൃഷി ആവശ്യത്തിനു വേണ്ടി മാറ്റി ഉപയോഗിച്ചതായി കാണാൻ സാധിച്ചു.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് ബുക്ക് പ്രകാരം ഉള്ള അളവ് | മെഷർമെന്റ്ബുക്ക് പ്രകാരം- അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | ഏലിയാമ്മ | ബണ്ട് നിർമാണം, വേസറ്റ് കുഴി | എസ്റ്റിമേറ്റ് പ്രകാരം മൊത്തം 145 ബണ്ടുകളും15 വേസ്റ്റ് കുഴിയും ആയിരുന്നു | ആകെ മൊത്തം 145 ബണ്ടുകളും15 വേസ്റ്റ് കുഴിയും ആയിരുന്നു | രണ്ട് വേസ്റ്റ് കുഴിയും7 ബണ്ടുകളും ഉം | പരിശോധിച്ചപ്പോൾ അളവുകൾ വ്യത്യാസമായിരുന്നു ഏലിയാമ്മയുടെ കുടിയിൽ 2 വേസ്റ്റ് കുഴിയും7 ബണ്ടുകൾ ആണ് കാണാൻ സാധിച്ചത്<br>മഴ പെയ്തു മൂലം ബണ്ടുകൾ നികന്ന ന നിലയിലായിരുന്നു. വേസ്റ്റ് കുഴി കോൺക്രീറ്റ് ചെയ്തു മൂടപ്പെട്ടിരുന്നു വേറെ കുഴികളിൽ വാഴ നട്ടിരിക്കുന്ന ആയി കാണാൻ സാധിച്ചു |
| 2 | ബീന | ബണ്ട് നിർമ്മാ | എസ്റ്റിമേറ്റ് | എസ്റ്റിമേറ്റ് പ്രകാരം | 1 വേസ്റ്റ് കുഴിയും 2 | ബീനയുടെ കുടിയിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | ണം , വേസ്റ്റ് കുഴി കോഴി | പ്രകാരം മൊത്തം 145 ബണ്ടുകളും15 വേസ്റ്റ് കുഴിയും ആയിരുന്നു | മൊത്തം 145 ബണ്ടുകളും 15 വേസ്റ്റ് കുഴിയും ആയിരുന്നു | ബണ്ടുകളും കാണാൻ സാധിച്ചു | ഒരു വേസ്റ്റ് കുഴിയും രണ്ടു ബണ്ടുകളും ആണ് കാണാൻ സാധിച്ചത്. വേസ്റ്റ് കുഴിയും വണ്ടുകളും മഴ പെയ്തു നിക്ക് നിലയിലായിരുന്നു |
| 3 | കനകം | വേസ്റ്റ് കുഴി , ബണ്ടുകൾ | എസ്റ്റിമേറ്റ് പ്രകാരം മൊത്തം 145 ബണ്ടുകളും15 വേസ്റ്റ് കുഴിയും ആയിരുന്നു | എസ്റ്റിമേറ്റ് പ്രകാരം മൊത്തം 145 ബണ്ടുകളും 15 വേസ്റ്റ് കുഴിയും യും | 1 വേസ്റ്റ് കുഴി 7 ബണ്ടുകൾ കൾ | ഒരു വേസ്റ്റ് കുഴിയും 7 ബണ്ടുകളും കാണാൻ സാധിച്ചു വേസ്റ്റ് കുഴി കോൺക്രീറ്റ് ചെയ്തു മൂടിയ നിലയിലായിരുന്നു അനുനു നു |
| 4 | വത്സ | വേസ്റ്റ് കുഴി, ബണ്ടുകൾ | എസ്റ്റിമേറ്റ് പ്രകാരം മൊത്തം 145 ബണ്ടുകളും15 വേസ്റ്റ് കുഴിയും ആയിരുന്നു | എസ്റ്റിമേറ്റ് പ്രകാരം 145 ബണ്ടുകളും 15 വേസ്റ്റ് കുഴിയും | 1 വേസ്റ്റ് കുഴി 6 ബണ്ടുകളും | ഒരു വേസ്റ്റ് കുഴിയും 2 ബണ്ടുകളും കാണാൻ സാധിച്ചു. പാറ ആയതിനാൽ വേസ്റ്റ് കുഴിക്കുവേണ്ടി അധികം താഴ്ത്താൻ സാധിച്ചില്ല |

## 4) <u>വാർഡ് 18 ലെ പീച്ചിനമുകൾ നീർത്തടത്തിൽ മണ്ണു ജല സംരക്ഷണം</u>

| നമ്പർ | വർക്ക് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | **പീച്ചനാംമുഗൾ നീർത്തടത്തിൽ മണ്ണ് ജലസംരക്ഷണം. 1608004005/WC/347508** | **1608004005/WC/347508** | 2/03/2019 | 28/03/2019 | 156000 | 122409 |

- തന്നിരിക്കുന്ന അളവുകളിൽ നിന്നും വ്യത്യാസം ഉണ്ടായിരുന്നു.
- പല കുഴിയും ഇടിഞ്ഞു പോയിരുന്നു. അല്ലാത്തതിൽ വാഴയും മറ്റും നട്ടിരുന്നു
- മത്തായി എന്ന ആളുടെ വീട്ടിൽ ഒരു പ്രവർത്തിയുടെ ഫലവും കാണാൻ സാധിച്ചില്ല.
- വേസ്റ്റ് കുഴിയും മഴക്കുഴി കളും  മഴ പെയ്തു നികന്ന നിലയിലായിരുന്നു
- ചില വേസ്റ്റ് കുഴികൾ അരികുകൾ കെട്ടി എടുതതയി കാണാൻ സാധിച്ചു
- പ്രവർത്തികൾക്ക് അനുവദിച്ച സിഐ ബി ബോർഡ് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് ബുക്ക് പ്രകാരം-അളവ് | മെഷർമെന്റ്ബുക്ക് പ്രകാരം -അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ജിജിമോൾ പി | മഴക്കുഴി, വേസറ്റ് കുഴി | 4വേസ്റ്റ് കുഴികളും, 320 കുഴികളും L=1.2m B=1.2m D=1.00m | 4 വേസ്റ്റ് കുഴികളും, 320 കുഴികളും L=1.2m B=1.2m D=1.00m | L=2.3 m b=1.8m d=3.6m | അളവുകൾ വ്യത്യാസമായിരുന്നു ജിജിമോളുടെ കുടിയിൽ കണ്ട മഴ കുഴിക്കും, വേസ്റ്റ് ക്കുഴിക്കും. വേസ്റ്റ് കുഴി മണ്ണിടിഞ്ഞ് പോയിരുന്നു വേറെ കുഴികളിൽ വാഴ നട്ടിരിക്കുന്ന ആയി കാണാൻ സാധിച്ചു |
| 2 | മത്തായി സി വി | മഴക്കുഴി | 4വേസ്റ്റ് കുഴികളും, 320 കുഴികളും L=1.2m B=1.2m D=1.00m | 4വേസ്റ്റ് കുഴികളും, 320 കുഴികളും L=1.2m B=1.2m D=1.00m | പ്രവർത്തി നടന്ന ഇടത്ത് അവർ പുതിയതായി വീട് പണി ചെയ്തു. | പ്രവർത്തിയുടെ ഫലം കാണാൻ സാധിച്ചില്ല. |
| 3 | ഗ്രേസി സണ്ണി | മഴക്കുഴി , വേസ്റ്റ് കുഴി | 4വേസ്റ്റ് കുഴികളും, 320 കുഴികളും L=1.2m B=1.2m D=1.00m | 4വേസ്റ്റ് കുഴികളും, 320 കുഴികളും L=1.2m B=1.2m D=1.00m | മഞ്ഞൾ നട്ടിരുന്നു വാരവും, വാഴ കുഴി, തെങ്ങും കുഴി എന്നിവ കാണാൻ സാധിച്ചു. | മഴക്കുഴി നിർമ്മിച്ചത് മുകളിലായി അവർ വിറകുപുര പണിയുവാൻ കുറ്റി അടിച്ചിരുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| 4 | പ്രസന്ന എ കെ | വേസ്റ്റ് കുഴി, | 4വേസ്റ്റ് കുഴികളും, 320 കുഴികളും L=1.2m B=1.2m D=1.00m | 4വേസ്റ്റ് കുഴികളും, 320 കുഴികളും L=1.2m B=1.2m D=1.00m | പുരയിടം കാടുപിടിച്ച് കിടന്നിരുന്നു. | പ്രവർത്തിയുടെ ഫലം ഒന്നും തന്നെ കാണുവാൻ ഉണ്ടായിരുന്നില്ല. |
| 5 | റീന എബ്രഹാം | വേസ്റ്റ് കുഴി, മഴക്കുഴി | 4വേസ്റ്റ് കുഴികളും, 320 കുഴികളും L=1.2m B=1.2m D=1.00m | 4വേസ്റ്റ് കുഴികളും, 320 കുഴികളും L=1.2m B=1.2m D=1.00m | വേസ്റ്റ് കുഴിയും, രണ്ടു മഴക്കുഴികളും കാണാൻ സാധിച്ചു. | പുരയിടം പുതിയതായി വൃത്തിയാക്കിയിരുന്നു. കുറച്ചു മാസങ്ങൾക്ക് മുമ്പ് ചെയ്ത പ്രവർത്തി ആയിരുന്നതിനാൽ എന്നാൽ പ്രവർത്തിയുടെ ഫലം കാണാൻ സാധിച്ചില്ല. |
| 6 | ജേക്കബ് പി | മഴക്കുഴി | 4വേസ്റ്റ് കുഴികളും, 320 കുഴികളും L=1.2m B=1.2m D=1.00m | 4വേസ്റ്റ് കുഴികളും, 320 കുഴികളും L=1.2m B=1.2m D=1.00m | വാഴ കുഴികളും, തെങ്ങിൻ കുഴികളും, മഞ്ഞൾ നടുന്നതിനുള്ള വാരവും, വാഴ കുഴികളുംകാണാൻ സാധിച്ചു. | കുഴികൾ എല്ലാം മഴ പെയ്തതിനാൽ എന്നാൽ മണ്ണ് അടിഞ്ഞു പോയിരുന്നു |

## 6) വാർഡ് 18 പീച്ചനാംമുകൾ നീർത്തടത്തിൽ മണ്ണ് ജല സംരക്ഷണം

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | പീച്ചനാംമുകൾ നീർത്തടത്തിൽ മണ്ണ് ജല സംരക്ഷണം | 1608004005/WC/334441 | 09/03/2019 | 26/03/2019 | 99500/- | 87260/- |

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | മെഷർമെന്റ് ബുക്ക് പ്രകാരം അളവ് (മീറ്റർ ) | എസ്റ്റിമേറ്റ് ബുക്ക് പ്രകാരം അളവ് (മീറ്റർ ) | പരിശോധനയിൽ കണ്ടെത്തിയ അളവ് (മീറ്റർ ) | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പൊന്നമ്മ | നിലമൊരുക്കൽ | L= 38m,35m<br>B= 36,28m | L=38m, 35m<br>B=36m, 28m | L= nill<br>B= nill | നിലമൊരുക്കിയതായി കാണാൻ സാധിച്ചില്ല. |
| 2 | ശകുന്തള | നിലമൊരുക്കൽ | L=38m, 35m,<br>B=36m, 28m | L=38m, 35m<br>B=36, 28 | L=38m<br>B=30m | മറ്റൊരു പദ്ധതിയിൽ ഉൾപ്പെടുത്തി ബണ്ട് കളിൽ കപ്പ കൃഷി ചെയ്തിരിക്കുന്നു |
| 3 | ഉഷ ഗോപാലകൃഷ്ണൻ | നിലമൊരുക്കൽ | L=38m, 35m<br>B=36m, 28m | L=38m, 35m<br>B=36m, 28m | **L=40m**<br>**B=38m** | കപ്പ കൃഷി യും വാഴ കുലച്ചുനിൽക്കുന്നതായും കാണാൻ സാധിച്ചു |

- പ്രവർത്തിയിൽ ഒരുക്കിയ നിലം സ്വകാര്യ ആവശ്യങ്ങൾക്കായി മാറ്റിയത് ആയി കാണാൻ സാധിച്ചു.
- പ്രവർത്തി സ്ഥലങ്ങൾ പലതും കാട് പിടിച്ച നിലയിൽ ആയിരുന്നു
- അളവുകളിൽ വ്യത്യാസം ഉണ്ടായിരുന്നു
- 3 വ്യക്തികളുടെ പുരയിടത്തിൽ ആണ് പ്രവർത്തി പൂർത്തീകരിച്ചത് എന്നാൽ ഓരോ പുരയിടത്തിലെയും അളവുകൾ വേർതിരിച്ചു രേഖപ്പെടുത്തിയിട്ടില്ല ഓരോ പുരയിടത്തിലും നടത്തുന്ന പ്രവർത്തികൾ രേഖപ്പെടുത്തിയിട്ടില്ല.

## 7) വാർഡ് 18 പ്രളയക്കെടുതി നേരിട്ട കാന കളും തോടുകളും പുനരുദ്ധാരണം

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചെലവായ തുക |
|---|---|---|---|---|---|---|
| 1 | വാർഡ് 18 പ്രളയക്കെടുതി നേരിട്ട കാനകളും തോടുകളും പുനരുദ്ധാരണം | 1608004005/FP/307791 | 23/1/2019 | 14/2/2019 | 270500 | 264046 |

- പ്രവർത്തി സ്ഥലത്ത് സി ഐ ബി ബോർഡ് വച്ചിരുന്നില്ല.
- തോടുകൾ എല്ലാം കാടുപിടിച്ചു, മുള്ളുകൾ ഉള്ളതിനാൽ ഓഡിറ്റിംഗ് അംഗങ്ങൾക്ക് ഓഡിറ്റിംഗ് സമയത്ത് മുന്നോട്ട് പോയി കൃത്യം ആയി അളന്ന് രേഖപ്പെടുത്തുന്നതിൽ ബുദ്ധിമുട്ട് നേരിട്ടു.
- തൊഴിൽ നടന്ന സമയത്ത് കൈയുറ കാലുറ എന്നിവയെല്ലാം ലഭിച്ചിരുന്നു.

| നമ്പർ | വർക്ക് നെയിം | പ്രവർത്തി | എസ്റ്റിമേറ്റ് അടയാളപെടുത്തിയഅളവ് (മീറ്റർ ) | എം. ബുക്ക് അടയാളപെടുത്തിയഅളവ് (മീറ്റർ ) | പരിശോധനയിൽ ലഭിച്ച അളവ് (മീറ്റർ ) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | മംഗലപ്പിള്ളി ചിറ തോട് | പുനരുദ്ധാരണം | L-1600m<br>B-1m | L-1600m<br>B-1m | L- nil<br>B 1.500m | ഓഡിറ്റ് സമയത്തു തോട്ടിൽ വെള്ളം നിറഞ്ഞതിനാലും കാടുപിടിച്ച അവസ്ഥ ആയിരുന്നതിനാലും നീളം അളക്കാൻ സാധിച്ചില്ല |
| 2 | കുരുപ്പപ്പാറ തോട് | പുനരുദ്ധാരണം | L-1800m<br>B-.600m | L-1800m<br>B-.600m | B-0.800m<br>L-nil | തോട്ടിൽ ചെളിയും വെള്ളവും ഉള്ളതിനാൽ നീളം അളക്കാൻ സാധിച്ചില്ല, മുഴുവനും മുള്ളും കാടും നിറഞ്ഞ അവസ്ഥ ആയിരുന്നു. |
| 3 | പെരിയാർവാലി കനാൽ ഫീൽഡ് ചാനൽ | പുനരുദ്ധാരണം | L- 1850m<br>B- 0.600m | L-1850m<br>B-.600m | B-0.600മീറ്റർ<br>L- 450m | കുറച്ചു നീളം വരെ അളക്കാൻ സാധിച്ചുള്ളൂ ബാക്കി ഇത് കാട്ടടർന്നു പന്തലിച്ചു കിടക്കുക |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | യായിരുന്നു |
| 4 | ഞാളൂർ റോഡ് സ്ലൂയിസ് | പുനരുദ്ധാരണം | L-1650m<br>B-.600m | L-1650m<br>B-.600m | തോടിനു ഇരു കരകളും കാട് പിടിച്ചു കിടന്നതിനാൽ അളവുകൾ എടുക്കാൻ സാധിച്ചില്ല. | മൊത്തം കാടുപിടിച്ചു കിടക്കുകയായിരുന്നു വഴിയിൽ മൊത്തംമുള്ളുകൾ ആയിരുന്നു അതുകൊണ്ട് നീളം അളക്കാൻ സാധിച്ചില്ല |

## 8) വാർഡ് 18 പീച്ചനാം മുകൾ നീർത്തടത്തിൽ മണ്ണ് ജല സംരക്ഷണം

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|---|
| 1 | പീച്ചനാം മുകൾ നീർത്തടത്തിൽ മണ്ണ് ജല സംരക്ഷണം | 1608004005/WC/347507 | 2/3/19 | 27/3/2019 | 155, 500 | 106994 |

- സി ഐ ബി ബോർഡ് വച്ചിരുനനില്ല.
- നിലം ഒരുക്കിയതു  കാട് പിടിച്ചു കിടന്നിരുന്നു.
- എല്ലാ സ്ഥലത്തും വേസ്റ്റ് കുഴി നിറഞ്ഞു കവിഞ്ഞ അവസ്ഥയിൽ ആയിരുന്നു.
- കയ്യുറ മറ്റും ഉപയോഗിച്ച് ആണ് പണിതത്.
- മഴ കുഴി എല്ലാം നികന്ന നിലയിൽ ആയിരുന്നു.
- വേസ്റ്റ് കുഴി ഉപയോഗത്തിൽ ആണ്.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ്പ്രകാരം അളവ് (മീറ്റർ ) | എം ബുക്ക് പ്രകാരം അളവ് (മീറ്റർ ) | പരിശോധനയിൽ ലഭിച്ച അളവ് (മീറ്റർ ) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | കെ വി പാപ്പു | കാന,നിലമൊരുക്കൽ | L-2400m<br>B-0.6m<br>D-0.50m<br>L-42, 32<br>B-30, 26 | L-2400 m<br>B-0.6m<br>D-0.50m<br>L-42, 32<br>B-30, 26 | L-2.3m<br>B-2.45m<br>D- nil | നിലമൊരുക്കൽ നടത്തിയിരുന്നു എന്നാണ് അറിഞ്ഞത്. അവിടെ പലതും കൃഷി ചെയ്തിരുന്നു. കാട് പിടിച്ചിരുന്നതിനാൽ അളവ് വ്യക്തമായില്ല. |
| 2 | സക്കറിയ | കാന, നിലം ഒരുക്കലും | L-2400m<br>B-0.6m<br>D-0.50m<br>L-42, 32<br>B-30, 26 | L-2400 m<br>B-0.6m<br>D-0.50m<br>L-42, 32<br>B-30, 26 | L- Nil<br>B- Nil<br>D- Nil | നിലമൊരുക്കൽ നടത്തിയിരുന്നു. എന്നാൽ മുഴുവൻ കാട് പിടിച്ചു കിടന്നതിനാൽ അളവ് കൃത്യമായി എടുക്കാൻ സാധിച്ചില്ല. |
| 3 | തങ്കമ്മ | ചാലു കീറി കാന, | L-2400m | L-2400 | L- 100m | ചാലു പല ഭാഗത്തായി |

| | | | | | | |
|---|---|---|---|---|---|---|
| | ചെറിയാൻ | നിലമൊരുക്കൽ | B-0.6m<br>D-0.50m<br>L-42, 32<br>B-30, 26 | m<br>B-0.6m<br>D-0.50m<br>L-42, 32<br>B-30, 26 | B- 0.5m<br>D-Nil | ചെറിയ ഭാഗങ്ങൾ ആയിട്ടു ആയിരുന്നു. |

**<u>പൊതു നിരീക്ഷണങ്ങൾ</u>**

- ഒരു സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ പണി കിട്ടുകയാണെങ്കിൽ തൊഴിൽ ദിനങ്ങൾ കൂടുതൽ കിട്ടുമെന്ന് അഭിപ്രായപെട്ടു.
- തൊഴിലുറപ്പ് നിയമപ്രകാരമുള്ള 10 അവകാശങ്ങളെ കുറിച്ച് തൊഴിലാളികളിൽ ധാരണ ഇല്ലായിരുന്നു.
- തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിന് ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
- ഒരു ഫയലിൽ രേഖകൾ സൂക്ഷിക്കുന്നതിൽ ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം അഭിനന്ദനാർഹമാണ്.
- മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, മഴക്കുഴി നിർമ്മാണം എന്നിവ എം ബുക്കിൽ രേഖപ്പെടുത്തുമ്പോൾ ഓരോ വ്യക്തിയുടെയും വേർതിരിച്ച് രേഖപ്പെടുത്തുക ആണെങ്കിൽ ഓഡിറ്റിംഗ് സമയത്ത് അളവുകൾ പരിശോധിച്ച് രേഖപ്പെടുത്തുവാൻ എളുപ്പമായിരിക്കും.
- ദിവസത്തെ ആണെങ്കിൽ പോലും ആയുധ വാടക ലഭിക്കുന്നുണ്ട്.
- ഡിമാൻഡ് റെസിപ്പ്ട് നേരത്തെ കിട്ടാറുണ്ടെന്നും എന്നാൽ ഇപ്പോൾ കിട്ടാറില്ല എന്നും അറിയാൻ കഴിഞ്ഞു.
- കൂലി 300 രൂപ എങ്കിലും ആകണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു.
- ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തനവിരസത കാണുന്നുണ്ട്. അയൽക്കൂട്ട ചർച്ചകൾ നടത്തി പ്രവർത്തികൾ കണ്ടെത്തണമെന്നും അവയുടെ ഗുണമേന്മ ഉറപ്പു വരുത്തേണ്ടതാണ്.

- അത്യാവശ്യ കാര്യങ്ങൾക്ക് വേണ്ടി വീട്ടിൽ പോകാൻ അനുമതി തരണമെന്ന് തൊഴിലാളികൾ അഭ്യർത്ഥിച്ചു ( പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടി, ചെറിയ കുട്ടികളെ സ്കൂളിൽ നിന്നും കൊണ്ടുവരാൻ )
- 100 തൊഴിൽ തികച്ച തൊഴിലാളികൾക്ക് ബോണസ് കിട്ടയതായി അവർ പറഞ്ഞു.

## നന്ദി

രായമംഗലം ഗ്രാമപഞ്ചായത്തിലെ 2018 -19 സാമ്പത്തിക വർഷത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കുവാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, വാർഡ് മെമ്പർ, തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ, പ്രവർത്തനങ്ങൾക്ക് സഹായിച്ച മേറ്റ്മാർ, തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## രായമംഗലം ഗ്രാമപഞ്ചായത്ത് വാർഡ് 18

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിറ്റ്സ്

കൂവപ്പടി ബ്ലോക്കിലെ രായമംഗലം പഞ്ചായത്തിലെ പതിനെട്ടാം വാർഡ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 24/11/2019 ന് രാവിലെ 10 മണിക്ക് ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു അധ്യക്ഷനായി ശ്രീമതി റബേക്കയെ തെരഞ്ഞെടുത്തു. യോഗം ശ്രീമതി സൗമിനി ബാബു ഉദ്ഘാടനം നിർവഹിച്ചു. മെമ്പർ ശ്രീ അനിൽകുമാർ ആശംസ അറിയിച്ചു. തൊഴിലാളി ശ്രീമതി ചെല്ലമ്മ സ്വാഗതം ആശംസിച്ചു. തുടർന്ന് വില്ലേജ് റിസോഴ്സ് പേഴ്സൺ കുമാരി പ്രിയങ്ക പ്രകാശൻ സംസാരിച്ചു. തൊഴിലുറപ്പ് പദ്ധതിയെ കുറിച്ചും സോഷ്യൽ ഓഡിറ്റ് എന്താണ് എങ്ങനെയാണ് നടത്തുന്നത്, സോഷ്യൽ ഓഡിറ്റിന്റെ വിവിധ ഘട്ടങ്ങൾ എന്നിവ വിശദീകരിച്ചു. അതിനുശേഷം വില്ലേജ് റിസോഴ്സ് പേഴ്സൺ മാരായ അനുഷ ഷാജി, ഗ്രീഷ്മ സി കെ, പ്രിയങ്ക പ്രകാശൻ, അഖിൽ വിജെ എന്നിവർ റിപ്പോർട്ട് ഘട്ടങ്ങളായി അവതരിപ്പിച്ചു. പരിശോധിച്ച 8 ഫയലുകളുടെ കണ്ടെത്തലുകൾ അവതരിപ്പിച്ചു. അതിനുശേഷം വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഓരോ പ്രവർത്തി ഫയലിലും കാണേണ്ട 22 രേഖകൾ എന്തെല്ലാം എന്നും അവയിൽ ഏതൊക്കെ പരിശോധിച്ച് ഫയലുകളിൽ കാണാൻ സാധിച്ചു എന്നും അവതരിപ്പിച്ചു.

### <u>പ്രധാന നിരീക്ഷണങ്ങൾ</u>

- തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിന് ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
- ഫയലുകളിൽ document സൂക്ഷിക്കുന്നതിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം അഭിനന്ദനാർഹമാണ്
- ഡിമാൻഡ് കളിൽ അപേക്ഷ നൽകിയ തീയതി എന്ന് മുതൽ എന്ന് വരെ എന്ന കൃത്യമായി രേഖപ്പെടുത്താത്തതിനാൽ തൊഴിലാളികൾക്ക് കൃത്യമായി 15 ദിവസത്തിനകം തൊഴിൽ ലഭിച്ചു എന്ന് വ്യക്തമല്ല
- തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നത് ഏറെ വൈകുന്നതു മൂലം തൊഴിലുറപ്പിന് മാത്രം ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു

- പ്രവർത്തി ഇടങ്ങളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല ടെൻഡർ വിളിച്ചട്ടില്ല എന്നാണ് പഞ്ചായത്തിൽ നിന്നും കിട്ടിയ മറുപടി.
- പ്രവർത്തി ഇടങ്ങളിൽ തണൽ സൗകര്യം പ്രഥമ ശുശ്രൂഷ കിറ്റുകൾ കുടിവെള്ളം എന്നിവ ലഭ്യമാണ്
- ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തനവിരസത കാണുന്നു
- സ്വകാര്യവ്യക്തികളുടെ സ്ഥലങ്ങളിൽ തൊഴിൽ ചെയ്യുമ്പോൾ കാടുവെട്ടി തെളിക്കുന്നത് മൂലം അധികജോലി വരുന്നു മാൻ ഡേയ്സ്കൂടുതൽ വേണം

**<u>തുടർന്ന് റിപ്പോർട്ടിൻ മേൽ ചർച്ച നടന്നു ചർച്ചയിൽ വന്ന പ്രധാന വിഷയങ്ങൾ</u>**

- റിമാൻഡ് ചെയ്ത് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാറില്ല
- ആയുധ വാടക കൂട്ടണം
- വേതനം മിനിമം 300 രൂപ എങ്കിലും ആകണം
- പഞ്ചായത്തിൽ നിന്നുള്ള ആയുധങ്ങൾ ഉപയോഗശൂന്യമായി ഇരിക്കുന്നു അത് ഉപയോഗപ്രദം ആക്കണം
- ഉച്ചയ്ക്ക് വീട്ടിൽ പോകാൻ അനുവദിക്കാത്തത് ഒഴിവാക്കണം
- മേറ്റുമാർക്ക് ചിലവാകുന്ന തുക തൊഴിലാളികൾ ഒരു രൂപ വീതം മാറ്റിവെച്ച് മേറ്റുമാർക്ക് നൽകാൻ പ്രസിഡന്റ് അഭിപ്രായപ്പെട്ടു
- ADS ഫണ്ട് ലഭിക്കുന്ന ഉണ്ടായിരുന്നു എന്നാൽ ഇപ്പോൾ ലഭിക്കുന്നില്ല എന്ന് തൊഴിലാളികൾ പരാതിപ്പെട്ടു, ADS ഫണ്ട് നൽകേണ്ട എന്ന് ജില്ലാ പഞ്ചായത്തിൽ നിന്നും നിർദ്ദേശം ഉണ്ടെന്ന്NREGS ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടു
- ആസ്തി വർദ്ധിത പ്രവർത്തികൾ കൂടുതലായി ഉൾപ്പെടുത്തണം എന്ന് ബ്ലോക്കിൽ നിന്ന് നിർദ്ദേശം ഉണ്ട് എന്നാൽ തൊഴിലാളികൾക്ക് അതിനെപ്പറ്റി വ്യക്തമായ ധാരണയില്ലായിരുന്നു. NREGS ഉദ്യോഗസ്ഥൻ ആസ്തി വർദ്ധിത പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു കൊടുത്തു
- പ്രവർത്തി സ്ഥലത്തെ ഫോട്ടോയെടുത്തു നൽകുന്നതിനായി പണം ചെലവാകുന്നു എന്ന് മെറ്റൻമ്മാർ വ്യക്തമാക്കി എന്നാൽ ജിയോടാഗ് ഫോട്ടോസ് പഞ്ചായത്തിൽ നിന്നും എടുക്കുന്ന ഉണ്ടെന്നും അതിനാൽ വേറെ ഫോട്ടോസ് എടുക്കേണ്ട ആവശ്യം ഇല്ല എന്നുംNREGS ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടു
- സ്വന്തമായി തൊഴിൽ ലഭ്യമല്ലെങ്കിൽ മറ്റു വാർഡിൽ പോയി തൊഴിൽ ചെയ്യാൻ സാധിക്കുമോ? എന്നാൽ തൊഴിലാളികളുടെ സംശയത്തിന് വാർഡ് മെമ്പറുടെ

യും തൊഴിലാളികളുടെയും അനുവാദത്തോടെ കൂടി തൊഴിൽ ചെയ്യാൻ സാധിക്കുമെന്ന് വാർഡ് മെമ്പർ അഭിപ്രായപ്പെട്ടു.

- തൊഴിൽ കാർഡിന് അപേക്ഷിക്കുമ്പോൾ വിവരങ്ങൾ പൂർണം അല്ലാത്തതിനാൽ തൊഴിൽ കാർഡ് നൽകാൻ താമസം നേരിടുന്നു എന്ന് NREGS ഉദ്യോഗസ്ഥൻ വെളിപ്പെടുത്തി
- മണ്ണ് ജലസംരക്ഷണവുമായി ബന്ധപ്പെട്ട മഴക്കുഴി വേസ്റ്റ് കുഴി എന്നിങ്ങനെയുള്ള കുഴികൾ ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾക്ക് മാറ്റേണ്ടി വരുന്നു. ഓഡിറ്റിനു വരുമ്പോൾ കുഴികൾ ചിലതുമാത്രമാണ് കാണാൻ സാധിക്കുന്നത് പ്രവർത്തി കഴിഞ്ഞ് അധികം വൈകാതെ ഓഡിറ്റിംഗ് ഉണ്ടാകണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു
- ഉച്ചയ്ക്ക് വീട്ടിൽ പോകാൻ സാധിക്കില്ല എന്ന കാര്യം ഒഴിവാക്കുന്നതിനായി മുകളിലേക്ക് നിവേദനം അയക്കുന്നത് ആയിരിക്കുമെന്ന് പ്രസിഡണ്ട് അറിയിച്ചു.
- ചില സാങ്കേതിക തകരാറുകൾ മൂലം ആണ് പണി ലഭ്യത കുറയുന്നത് എന്ന് പ്രസിഡന്റ് പറയുകയുണ്ടായി
- BPL കുടുംബങ്ങൾക്ക് സ്ഥലം കുറവുള്ള അതിനാൽ കൂടുതൽ പ്രവർത്തികൾ ഏറ്റെടുക്കാൻ സാധിക്കില്ല പിന്നെ എങ്ങനെ കൂടുതൽ തൊഴിൽ ലഭിക്കുന്നത് എന്ന് തൊഴിലാളികൾ വ്യക്തമാക്കി
- സമയബന്ധിതമായി കൂലി നൽകണമെന്ന് പ്രസിഡന്റ് പറയുകയുണ്ടായി
- തൊഴിൽ കാർഡ് ഒരു വാർഡിലുംസ്ഥലം വേറെ വാർഡിലു മാണെങ്കിൽ അപേക്ഷയിൽകൃത്യമായി വാർഡ് എഴുതണമെന്ന് NREGS ഉദ്യോഗസ്ഥൻ വ്യക്തമാക്കി
- തൊഴിൽ സമയം കുറയ്ക്കണം 9മണി തൊട്ട് നാലുമണിവരെ ആകണമെന്ന് തൊഴിലാളികൾ ആവശ്യമുന്നയിച്ചു
- ചില സൈറ്റുകളിൽ മെഡിക്കൽ കിറ്റ് കിട്ടാറില്ല കാരണം മെഡിക്കൽ കിറ്റ് പഞ്ചായത്തിൽ നിന്നും നൽകുന്നുണ്ടായിരുന്നു എന്നാൽ ഫണ്ട് കുറഞ്ഞതിന്നില പ്രശ്നങ്ങളുണ്ടെന്ന് എന്ന് NREGS ഉദ്യോഗസ്ഥൻ വ്യക്തമാക്കി

അതിനുശേഷം എല്ലാവരും ചേർന്ന് റിപ്പോർട്ട് കൈയടിച്ചു പാസാക്കി വില്ലേജ് റിസോഴ്സ് പേഴ്സൺ ബിനി ബേബി നന്ദി പറഞ്ഞു. NREGS സെക്ഷനിൽ നിന്ന് ADEO യും, പതിനെട്ടാം വാർഡ് മെമ്പർ, പഞ്ചായത്ത് പ്രസിഡന്റ്, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, വി ആർ പിമാർ എന്നിവർ ഗ്രാമസഭയിൽ പങ്കെടുത്തു. അതിനുശേഷം 12 :40pm ന് യോഗം അവസാനിപ്പിച്ചു